പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2856 — 17.10.2016 ൽ മറുപടിക്ക്

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ അപ്ഗ്രഡേഷൻ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; | (എ) | നിലവിൽ താലൂക്ക് ആശുപത്രികൾ ഇല്ലാത്ത താലൂക്കുകളിലെ നിലവിലുള്ള സി.എച്ച്.സി.കളെയാണ് താലൂക്ക് ആശുപത്രി പദവിയിലേക്ക് ഉയർത്താറുള്ളത്. കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് വകുപ്പിന്റെ മുൻഗണനാ വിഷയം. |
| (ബി) | എങ്കിൽ താലൂക്ക് ആശുപത്രികളായി ഉയർത്താൻ പറ്റുന്ന എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | താലൂക്ക് ആശുപത്രികളായി ഉയർത്താൻ പറ്റുന്ന 5 സി.എച്ച്.സി.കളുടെ പ്രൊപ്പോസൽ മാത്രമാണ് സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുള്ളത്. |
| (സി) | ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (സി) | കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് വകുപ്പിന്റെ മുൻഗണനാ വിഷയം. |
| (ഡി) | നിലവിൽ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് പരിഗണിക്കുന്ന ആശുപത്രികളുടെ ജില്ലാതലത്തിലുള്ള വിവരം നൽകാമോ? | (ഡി) | നിലവിൽ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് ആരോഗ്യ വകുപ്പ ഡയറക്ടർ സമർപ്പിച്ച ആശുപത്രികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു |

| ജില്ല | ആശുപത്രി |
|---|---|
| ആലപ്പുഴ | മുഹമ്മ സി.എച്ച്.സി |
| പാലക്കാട് | വടക്കൻചേരി സി.എച്ച്.സി |
| ഇടുക്കി | സി.എച്ച്.സി കട്ടപ്പന |
| തിരുവനന്തപുരം | സി.എച്ച്.സി കാട്ടാക്കട |
| കാസർഗോഡ് | സി.എച്ച്.സി.പരപ്പ പൂടംകല്ല് |

സെക്ഷൻ ഓഫീസർ